# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 579 — 30.06.16 -ൽ മറുപടിക്ക്

## കടൽക്ഷോഭ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ. മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിൽ മഴക്കാലത്ത് സ്ഥിരമായി കടൽക്ഷോഭം അനുഭവപ്പെടുന്ന കാപ്പാട്, കോട്ടപ്പുറം, കൊളാവി പ്രദേശങ്ങളിൽ ഈയടുത്ത ദിവസങ്ങളിൽ അതിരൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെട്ട് കടൽഭിത്തി തകർന്നതും പുതിയതായി നിർമ്മിച്ച തീരദേശ റോഡ് തകർന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | കൊയിലാണ്ടി മണ്ഡലത്തിലെ നിരന്തര കടൽക്ഷോഭ പ്രദേശങ്ങൾ ഉൾപ്പെടുത്തി എൻ.സി.സി.റ്റി പഠനം നടത്തി കണ്ടെത്തിയ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും മുൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; | (ബി) | കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.സി.സി.റ്റി പഠനം നടത്തിയിട്ടില്ല. എന്നാൽ 200dm3 കരിങ്കല്ല് ഉപയോഗിച്ച് 1687 മീറ്റർ നീളം വരുന്ന കടൽഭിത്തി ശക്തിപ്പെടുത്തുന്നതിന് 17 പ്രവൃത്തികൾക്കായി 518 ലക്ഷം രൂപയുടെ ഭരണാനുമതിയും കരിങ്കല്ല് കോർവാൾ ഉപയോഗിച്ച് 280 മീറ്റർ നീളം വരുന്ന കടൽഭിത്തി അടിയന്തിരമായി മഴക്കാലത്ത് സംരക്ഷിക്കുന്നതിന് 22 പ്രവൃത്തികൾക്കായി 72 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (സി) | കടൽക്ഷോഭ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ഫണ്ട് ലഭ്യമാകുന്ന മുറക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/